# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 511 — 12.06.2012 ൽ മറുപടിയ്ക്ക്

## ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റെ (നബാർഡ്) സംസ്ഥാനത്തെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീമതി. കെ. എസ്. സലീഖ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ദേശീയ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ (നബാർഡ്) സംസ്ഥാനത്തെ പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇതിന്റെ ഭാഗമായി നാല് ജില്ലാ ഓഫീസുകൾ ഇതിനകം അടച്ചുപൂട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) നബാർഡിന്റെ ദേശീയ നയത്തിന്റെ ഭാഗമായി എറണാകുളം, കോഴിക്കോട്, പത്തനംതിട്ട, കൊല്ലം ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് മാനേജർമാരുടെ ഓഫീസുകൾ മാറ്റി സ്ഥാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴിയും മറ്റുമുള്ള നബാർഡിന്റെ പ്രവർത്തനങ്ങൾ ഏതെല്ലാം നിലയിൽ പരിമിതപ്പെടുത്തിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ; | (സി) എൻ.ആർ.സി (എൽ.റ്റി.ഒ) ഫണ്ടിൽ നിന്നും സഹകരണ ബാങ്കുകൾക്ക്/ സംഘങ്ങൾക്ക് നബാർഡ് നൽകി വന്നിരുന്ന ഓഹരി മൂലധനം 2011-12 വർഷത്തിൽ അനുവദിക്കുകയുണ്ടായില്ല. അല്ലാതെ മറ്റ് പ്രവർത്തനങ്ങൾ ഒന്നുംതന്നെ പരിമിതപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) കാർഷിക മേഖലയെ ബാധിക്കുന്നമെന്നതിനാൽ ജില്ലാ ഓഫീസുകളും കുറഞ്ഞ പലിശ നിരക്കിൽ നൽകി വന്നിരുന്ന കാർഷിക വായ്പകളും പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) കഴിഞ്ഞ വർഷം സംസ്ഥാന സർക്കാർ ഗ്യാരന്റിയോടെ 446 കോടി രൂപ നബാർഡ് കുറഞ്ഞ പലിശ നിരക്കിൽ പുനർവായ്പയായി അനുവദിക്കുകയും ആയതിനെ തുടർന്ന് സംസ്ഥാനത്ത് കുറഞ്ഞ പലിശ നിരക്കിൽ വിതരണം |

ചെയ്ത് വന്നിരുന്ന കാർഷിക വായ്പാ വിതരണം കഴിഞ്ഞ വർഷം മുതൽ പുനസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ